കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/159 /2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി:22.04.2019

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കോട്ടുകാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/159/2019 തീയതി: 22.04.2019

**തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017മുതൽ 09.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ സാജൻലാൽ എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.12.2018മുതൽ 18.12.2018വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലതകുമാരി എം, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ബിന്ദുലത ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. അരുൺ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. പ്രകാശ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷിംജി. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.സജി. റ്റി, 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.സജീവ് ലാൽ.എസ് ( 01.04.2017 - 09.05.217)<br>ശ്രീ.വിഷ്ണു നമ്പൂതിരി.ഇ ( 10.05.2017 - 03.06.2017)<br>ശ്രീമതി.ഷീജ പി.എസ് ( 04.06.2017- 05.06.2017)<br>ഹരിൻ ബോസ്.എ( 06.06.2017 - 31.03.2018) |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അനി<br>രാഗം,ഗാന്ധിമതി റോഡ്, വട്ടിയൂർക്കാവ്<br>തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, | ശ്രീമതി.രമണി ഇമ്മാനുവേൽ, ജെ.പി ലൈൻ,നേമം പി ഓ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ശ്രീമതി.ചിന്ത സുകുമാരൻ<br>വട്ടവിള തിരുമല പി ഓ<br>തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ശ്രീമതി. സിനി കെ രാജൻ<br>അരമട പി ഓ<br>തൃക്കണ്ണാപുരം , ത്രിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി<br>സർജൻ | ശ്രീ.സെന്തിൽ കുമാർ<br>വൈഷ്ണവം, പൂങ്കുലഎം<br>വെള്ളായണി, തിരുവനന്തപുരം | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ലത എ<br>ആര്യ ഭവൻ<br>പെരിങ്ങമ്മല, കല്ലിയൂർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീമതി.ബിന്ദു<br>വൈശാഖം, കൊച്ചാർ റോഡ് , ജഗതി | 01.04.2017 മുതൽ 31.05.2017 വരെ |
| വി.ഇ.ഒ. (ബി സർക്കിൾ) | ശ്രീമതി.ഷീജ ഉഷസ്, വെങ്കുളം, നെല്ലിമൂട് പി.ഓ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.സ്റ്റീഫൻ മന്നോട്ടുകോണം കട്ടച്ചൽകുഴി | 01.04.2017 മുതൽ 31.03.2018 വരെ |
| ഫിഷറീസ് ഇൻസ്‌പെക്ടർ | ശ്രീ.സുശീൽ കുമാർ<br>മിനി ഭവൻ കുറ്റിക്കാട് കൈമനം പാപ്പനംകോട് പി. ഒ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ബജറ്റ് രൂപീകരണം | 2-1 | |
| 13 | കരാർ വയ്ക്കുന്നതിന് നിയമാനുസൃത സമയപരിധി പാലിച്ചില്ല. | 2-2 | |
| 14 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-3 | |
| 15 | തൊഴിൽനികുതി - അപാകങ്ങൾ | 2-4 | |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വരുമാന ചേർച്ച ഒഴിവാക്കേണ്ടതാണ്. | 2-5 | |

| | | | |
|---|---|---|---|
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം | 2-6 | |
| | ഭാഗം-3 | | |
| 18 | വക്കീൽ ഫീസ്--ആദായ നികുതി ഈടാക്കുന്നില്ല. | 3-1 | |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടപ്പിലായില്ല. | 3-2 | |
| 20 | കേരളോത്സവം-അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചു | 3-3 | |
| 21 | അസി.എഞ്ചിനീയറുടെയോ സെക്രട്ടറിയുടെയോ റിപ്പോർട്ടില്ലാതെ പൊഴിമുറിക്കലിന് ആവർത്തന ചെലവ്--46200/- രൂപ തടസ്സം ചെയ്യുന്നു. | 3-4 | |
| 22 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3-5 | |
| 23 | ടാർ വാങ്ങൽ – അധികമായി അനുവദിച്ച തുക തിരികെ ഈടാക്കണം | 3-6 | |
| 24 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 3-7 | |
| 25 | ജൈവസമൃദ്ധി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു - 27700/- രൂപ അധികചെലവുണ്ടായി | 3-8 | |
| 26 | ബയോഗ്യാസ് പ്ലാൻറ് - മാർഗനിർദേശത്തിലും അധികമായി സബ്സിഡി അനുവദിച്ചു - 2500 രൂപ അധിക ചെലവ് | 3-9 | |
| 27 | വാട്ടർടാങ്ക് വാങ്ങിനൽകി കുറഞ്ഞ കൊട്ടേഷൻ അവഗണിച്ചു 67 331/- രൂപ അധിക ചെലവുണ്ടായി | 3-10 | |

| | | | |
|---|---|---|---|
| | | | |
| 28 | ബാലസഭ കുട്ടികൾക്ക് സംഗീത പരിശീലനവും ഉപകരണങ്ങൾ വാങ്ങലും-SCP ഫണ്ട് വക മാറ്റി ചെലവഴിച്ചു. | 3-11 | |
| 29 | ക്വാട്ട് ചെയ്തതിൽ നിന്നും അധികമായി തുക നൽകി | 3-12 | |
| 30 | അനധികൃതമായി ജി.എസ്.ടി ഈടാക്കി | 3-13 | |
| 31 | പ്രോജക്ടിൽ ഉൾപ്പെടുത്തി ശമ്പളം നൽകി സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികചെലവുണ്ടായി | 3-14 | |
| | ഭാഗം - 4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 16.03.2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 255449067/- രൂപ വരവും 241539837/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 131579654/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 113463805/-രൂപയും നീക്കിയിരിപ്പ് 18115849/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.08.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 30.06.2018 വരെ | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.3/ 1513 /2018 തീയതി 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 20738322.00

വരവ് : 110841332.00

ആകെ : 131579654.00

ചെലവ് : 113463805.00

നീക്കിയിരിപ്പ് : 18115849.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24542239 | 24542239 | 24542239 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8054514 | 8054514 | 8054514 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19739151 | 19739151 | 19739151 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4478333 | 4478333 | 4478333 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11834320 | 11834320 | 11834320 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 3150970 | 3150970 | 3150970 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 189430 | 1995381 | 2184811 | 2147671 | 37140 |
| ബി ഫണ്ട് | 0 | 603720 | 603720 | 603720 | 0 |
| ലിറ്ററസി | 6233 | 0 | 6233 | 0 | 6233 |
| ഡി.സി.ബി. തനത് ഫണ്ട് | 10464794 | 23883164 | 34347958 | 16694481 | 17653477 |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 0 | 512626 | 512626 | 0 | 512626 |
| റ്റി.എസ്.ബി. | 9213136 | 12046914 | 21260050 | 21554660 | -294610 |
| ക്യാഷ് | 864729 | 200983 | 1065712 | 864729 | 200983 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീ സർ | 5 | 1521448 | 3 | 1162988 | 2 | - | 60 |
| 2 | ഐ.സി.ഡി.എസ്. | 8 | 5658091 | 6 | 5109904 | 2 | 0 | 75 |
| 3 | എ.ഇ. | 146 | 52233695 | 125 | 35879370 | 0 | 21 | 86 |
| 4 | വി.ഇ.ഒ. | 4 | 6830847 | 2 | 5649000 | 2 | 0 | 50 |
| 5 | വെറ്ററിനറി സർജൻ | 10 | 6603200 | 8 | 5946130 | 2 | 0 | 80 |
| 6 | സെക്രട്ടറി | 27 | 16745379 | 1 | 10169170 | 6 | 10 | 4 |
| 7 | എം.ഒ. പി.എച്ച്.സി. | 6 | 1625250 | 6 | 1534410 | 0 | 0 | 100 |
| 8 | എം.ഒ. ഹോമിയോ | 1 | 100000 | 1 | 100000 | 0 | 0 | 100 |
| 9 | സബ് ഇൻസ്പെക്ടർ - ഫിഷറീസ് | 3 | 1535000 | 2 | 288600 | 0 | 1 | 67 |
| 10 | എച്ച്.എം. | 8 | 2568008 | 7 | 2450614 | 0 | 1 | 88 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 5 | 5220000 | 4 | 4620000 | 0 | 1 | 80 |
| 12 | വി.ഇ.ഒ. | 5 | 6366000 | 3 | 5479000 | 1 | 2 | 60 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 4213000 | 5 | 2570300 | 0 | 0 | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 189430 | 1995381 | 2184811 | 2147671 | 37140 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 31675000 | 31675000 | 31675000 | 0 |
| ആകെ | 189430 | 33670381 | 33859811 | 33822671 | 37140 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 393720 | 156 |
| കർഷക തൊഴിലാളി പെൻഷൻ | 10222900 | 912 |
| വിധവാപെൻഷൻ | 16216600 | 1453 |
| വാർദ്ധക്യകാല പെൻഷൻ | 25047800 | 2154 |
| വികലാംഗ പെൻഷൻ | 6533800 | 607 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 390100 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ഉച്ചക്ക് 12മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11639/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1-10 ആഭ്യന്തരനിയന്ത്രണം.

I)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009]. മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | 2017-18 ൽ ഓഫീസ് മീറ്റിംഗ് കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | രേഖകൾ ലഭ്യമാക്കിയില്ല. |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് 124630/- രൂപ | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസമോ, തൊട്ടടുത്ത ദിവസമോ സെക്ഷനുകൾക്ക് നൽകാറുണ്ട്. പി.ആർ യഥാവിധി പരിപാലിക്കുന്നില്ല |

| | | |
|---|---|---|
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഐ.എസ്.ഒ. യുടെ ഭാഗമായി ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ. (ഭേദഗതി) നിയമം 1999 അധ്യായം 25 സി, വകുപ്പ് 272 എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശരേഖ പുറപ്പെടുവിക്കണം.<br>പൗരാവകാശരേഖ എല്ലാ വീടുകളിലും നൽകണം. അതനുസരിച്ചുള്ള സേവനം നൽകണം. | പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |

കാര്യാലയത്തിന്റെ പ്രവർത്തനങ്ങളും, പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

II) ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2017-18 ൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തി രജിസ്റ്റർ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3, തീയതി 10.12.2018) മറുപടി ലഭ്യമാക്കിയില്ല.

III) രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.11.2018-9.11.2018 | 1.10.2018 മുതൽ 31.10.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2015 മുതൽ 15.05.2015 വരെ | 2010-11 മുതൽ 2014-15 വരെ | 8.7.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ 30.08.2018-ലെ KSA TVM GP.3/1513/18 നമ്പർ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചത് പ്രകാരം ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ താഴെ പറയും പ്രകാരം നടപടികൾ പാലിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഇനം | പാലിക്കേണ്ട നടപടിക്രമം | പഞ്ചായത്ത് ഭരണസമിതിയുടെ നടപടി ക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 04.1.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 30.01.2017 ന് ബജറ്റ് ശുപാർശകൾ ചർച്ച ചെയ്തിട്ടുണ്ട്. മറ്റ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ ചർച്ച ചെയ്തിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 04.03.2017. |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 13.03.2017 |
| 6 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 7 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 16.03.2017 |

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി 04.01.2017 ൽ ആവശ്യപ്പെട്ടുവെങ്കിലും വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർമാർ എന്നിവർ മാത്രമാണ് ബജറ്റ് ശുപാർശകൾ നൽകിയത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബജറ്റ് വകയിരുത്തലുകൾ സംബന്ധിച്ച ചർച്ച നടത്തുകയോ ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭ്യമാക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കരാർ വയ്ക്കുന്നതിന് നിയമാനുസൃത സമയപരിധി പാലിച്ചില്ല. കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്, തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്യു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ കരാർ വയ്ക്കാൻ അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 213/18 | അമ്പലത്തിൻമൂല പാലത്തിൽ നിന്നും കായലിലേക്ക് മാലിന്യം ഇടാതെ ഇരുവശവും ഫെൻസിംഗ് | 350925 | രാജേന്ദ്രൻ.ബി | 21.02.2018 | 08.03.2018 | 3509 |
| 204/18 | അടിമലത്തുറ പൊതുകക്കൂസ് പുനരുദ്ധാരണം (വാർഡ് 10) | 199880 | കെ.സി. ജയരാജൻ | 07.02.2018 | 23.02.2018 | 1999 |
| 199/18 | 62-ാം നമ്പർ അംഗൻവാടി നവീകരണം വാർഡ് 6 | 180988 | ജോണി.ഡി | 06.11.2017 | 24.11.2017 | 1810 |
| 218/18 | 169-ാം നമ്പർ അംഗൻവാടി നവീകരണം വാർഡ് 8 | 180978 | ജോണി.ഡി | 06.11.2017 | 24.11.2017 | 1810 |
| 253/18 | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫ്ലോറിംഗും കൗണ്ടർ നിർമ്മാണവും | 451702 | സജുസി.എസ്. | 21.04.2017 | 12.05.2017 | 4517 |
| ആകെ | | | | | | 13,645/- |

മേൽ പദ്ധതികളിൽ നിന്നു മാത്രം പിഴയിനത്തിൽ ലഭിക്കേണ്ട 13,645/- രൂപ ഗ്രാമപഞ്ചായത്തിനു നഷ്ടമായി. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 9/13.12.2018) നു സെലക്ഷൻ നോട്ടീസുകൾ കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമച്ചിട്ടുണ്ട് എന്ന മറുപടിയാണ് എ.സി. എഞ്ചിനീയർ ലഭ്യമാക്കിയത്. സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം '......... The date of registration shall be the date of acceptance of the tender irrespective of the date when the communication is actually delivered to the bidder. ...... The successful bidder shall execute the agreement

within 14 days or with fine within next 10 days from the date of selection notice.......'. ആയതിനാൽ പ്രസ്തുത മറുപടി തൃപ്തികരമല്ല. അംഗീകരിക്കപ്പെടുന്ന കരാറുകൾക്ക് സമയബന്ധിതമായി സെലക്ഷൻ നോട്ടീസ് നൽകുവാനും, സമയബന്ധിതമായി തന്നെ കരാർ ചമയ്ക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സാധിക്കാത്തപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. 2017- 18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് 33 പ്രവൃത്തികൾക്ക് ഇ ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 1,56,500/- രൂപ ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുണ്ട്. ഓഡിറ്റ് അന്വേഷണം നം.3/10.12.2018നുള്ള മറുപടിയിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നു എന്നറിയിച്ചു.
ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കു വന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി- അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം,1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205 (ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205 (ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ |
| 3 | 205 (സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ |
| 4 | 205 (എഫ് II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ് . |
| 5 | 205 (ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ |

എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. രേഖകളുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ

ചേർക്കുന്നു.

(എ) <u>തൊഴിൽനികുതി -രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല</u>

(1) അസ്സസ്മെന്റ് രജിസ്റ്റർ- നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്തീരാജ് (നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം.എന്നാൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2) ഡിമാൻറ് രജിസ്റ്റർ-തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്റർ, തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങളും,വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്.

(3) മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതികുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽചേർക്കണം.എന്നാൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലാഹരണപ്പെടുകയും ചെയ്യും.

(ബി) <u>വരുമാനപത്രിക അപൂർണ്ണം</u>

ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെയുള്ള എല്ലാ മാർഗ്ഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിന്റെ മേലെയാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്.എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാനപത്രിക അപൂർണമാണ്.പല പത്രികകളിലും അടിസ്ഥാന ശമ്പളംമാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.ബോണസ്-ഉത്സവബത്ത ചില പത്രികകളിൽ മാത്രം കാണുന്നു.ജീവനക്കാർക്ക് ലീവ് സറണ്ടർ ഇനത്തിൽ ലഭിക്കുന്ന വരുമാനം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല.ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.വരുമാനപത്രികയിൽ പരിഷ്കരണം ആവശ്യമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

(സി) <u>രേഖകൾ ഹാജരാക്കാത്തവരെയും നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി</u>

ജി.ഒ (ആർ.ടി) 1366/90/ത.സ്വ.ഭ.വ തീയതി 27.03.1990 പ്രകാരം 40% മോ അതിൽ കൂടുതലോ അംഗവൈകല്യമോ ഉള്ളതായി സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കുന്നവരെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഫയലുകൾ അനുബന്ധരേഖകൾ എന്നിവയുടെ പരിശോധനയിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കാത്തവരെയും തൊഴിൽനികുതിയിൽ നിന്നും ഒഴിവാക്കി.

ഉദാ-

1.ജോയ് വർഗ്ഗീസ്,ഗവ,ഡി.വി.എൽ.പി.എസ്,കോട്ടുകാൽ

2.ബിജു.എസ്,KWA,കാഞ്ഞിരംകുളം

3.ഉദയകുമാർ.കെ.ജി,KWA,കാഞ്ഞിരംകുളം

4.രുഗ്മിണിക്കുഞ്ഞമ്മ,ഗവ.എച്ച്.എസ്.കോട്ടുകാൽ

5.ബിജിൽ.എ.എസ്. ഗവ.എച്ച്.എസ്.കോട്ടുകാൽ

6.ആൻറണിജോയ്,ഗവ.എച്ച്.എസ്.കോട്ടുകാൽ
ഭാവിയിൽ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് സാക്ഷ്യപത്രം നിർബന്ധമാക്കേണ്ടതാണ്.
(ഡി) <u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

ലഭ്യമായ തൊഴിൽ നികുതി രജിസ്റ്ററിന്റെ പരിശോധനയിൽ (പൂർണ്ണമായ ഡിമാന്റ് രജിസ്റ്റർ ലഭ്യമായില്ല) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയില്ല.

(എ) മാധവവിലാസം.യു.പി.എസ്,ചൊവ്വര

(ബി)വർഗ്ഗീസ് ചാമത്തിൽ ഗോഡ്സ് ഓൺ കൺട്രി

(സി) സൺതാര ബീച്ച് റിസോർട്ട്,പുളിങ്കുടി.

(ഡി)ഐഡിയൽ റെസ്റ്റാറൻറ്,ചൊവ്വര

(ഇ)ന്യൂ ഐഡിയൽ പഞ്ചകർമ്മ,ചൊവ്വര.

(എഫ്)ബെത്സയ്ദാ ടൂറിസം ഹെർമിറ്റേജ് റിസോർട്ട്,ചൊവ്വര.

(ജി)ആയുർബർത്ത് ഹീലിംഗ് സെൻറർ

(എച്ച്)നിക്കീസ് ബീച്ച് റിസോർട്ട്,പുളിങ്കുടി

(ഐ)മാവേലിസ്റ്റോർ

(ജെ)MGNREGS,കോട്ടുകാൽ

(കെ)ക്ഷീരോൽപ്പാദക സഹകരണസംഘം,ഉച്ചക്കട.

(എൽ)ക്ഷീരോൽപ്പാദക സഹകരണസംഘം,പയറ്റുവിള.

(എം)കമാണ്ടൻറ്,എ.ആർ ക്യാമ്പ്,പുളിങ്കുടി.

(എൻ)സിന്ധുജ ഹോസ്പിറ്റൽ,ഉച്ചക്കട.

(ഒ)മുത്തൂറ്റ് ഫിനാൻസ്,ഉച്ചക്കട.

(പി)വൈഗ,ആയുർവേദിക് ക്ളിനിക്,ആഴിമല
(ഇ) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല</u>

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ സ്ഥാപനനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25ന് മറുപടി ലഭ്യമായിട്ടില്ല.കുടിശ്ശികയുൾപ്പെടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കുടിശ്ശിക യഥാസമയം ഈടാക്കാത്തപക്ഷം 3 വർഷം കഴിയുമ്പോൾ ആയത് കാലാഹരണപ്പെടുന്നതാണ്.

## 2-5 <u>ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വരുമാന ചോർച്ച</u>

ഒഴിവാക്കേണ്ടതാണ്.

2016-17 സാമ്പത്തികവർഷം പഞ്ചായത്തിൽ 247 സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് നൽകിയിരുന്നു.എന്നാൽ 2017-18- ൽ അത് 251ആയി ഉയർന്നു. ലൈസൻസിന് അപേക്ഷസമർപ്പിക്കുന്നവരെ മാത്രം ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റാണ് നിലവിലുള്ളത്.മുഴുവൻ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കാത്തതിനാൽ ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് ലഭിച്ച മറുപടിയിൽ അപേക്ഷ സമർപ്പിച്ച പല സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാത്തത് അപാകതയുള്ളത് കൊണ്ടാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസില്ലാത്ത സ്ഥാപനങ്ങളെ പ്രവർത്തിക്കാനനുവദിക്കുന്നത് ശരിയായ നടപടിയല്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. ലൈസൻസ് പുതുക്കാൻ വൈകുന്നവരിൽ നിന്നും ഈടാക്കുന്ന പിഴ തുക കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച ചട്ടം പ്രസിദ്ധീകരിച്ചതിന് ശേഷം പിഴ തുക ഈടാക്കേണ്ടതാണ്.താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ 25% അധികഫീസ് ചുമത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക-ഈടാക്കാൻ നടപടി സ്വീകരിക്കണം

ഷോപ്പിംഗ് കോംപ്ളക്സ് വാടകയിൽ താഴെപ്പറയുന്നവർ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | പേര് | കടമുറി നമ്പർ | കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 1 | സുരേഷ്കുമാർ, 137200 | V | 2016-17 മുതൽ | 137200 |
| 2 | മാധവനാശാരി 29085 | VII | 2017-18 മുതൽ | 29085 |
| 3 | രമണീബായി 15120 | III 213D | 2017-18 മുതൽ | 15120 |
| 4 | മാഹീൻ 4380 | III 213 H | 2017-18 മുതൽ | 4380 |
| 5 | രാജമ്മ | III 214 | 2017-18 മുതൽ | 5568 |
| 6 | മാഹീൻ 3252 | IX | 2017-18 മുതൽ | 3252 |
| 7 | സബീന 2976 | X | 2017-18 മുതൽ | 2976 |
| | ആകെ | | | 197581/- |

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വക്കീൽ ഫീസ്--ആദായ നികുതി ഈടാക്കുന്നില്ല.

ആദായ നികുതി നിയമം സെക്ഷൻ 194(J) പ്രകാരം,30000 /-രൂപയിൽ കൂടുതലുള്ള പ്രൊഫഷണൽ സേവന ഫീസ് നല്കുമ്പോൾ 10% നിരക്കിൽ ആദായ നികുതി, ബില്ലിൽ കുറവു ചെയ്യേണ്ടതാണ്.വൗച്ചറുകൾ പ്രകാരം അഡ്വ.ബി .എസ്.സ്വാതി കുമാറിന്,മൂന്ന് കേസുകളിലായി,45000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ ബില്ലിൽ നിന്ന് ആദായ നികുതി കുറവു

ചെയ്തിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കേസ് നം. | തുക | ചെക്ക് നം. |
|---|---|---|---|
| 1 | WA-No.190/17 | 15000 | 8980/5.5.17 |
| 2 | WA-No.314/17 | 15000 | 8980/5.5.17 |
| 3 | WA-No.285/17 | 15000 | 8980/5.5.17 |

മേല്പറഞ്ഞ വിധം ആദായ നികുതി ഈടാക്കാത്തതിനാൽ കേന്ദ്ര സർക്കാരിന് 4500/- രൂപ നഷ്ടം സംഭവിച്ചു.

## 3-2 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടപ്പിലായില്ല.

KWAയുടെ പ്രതി മാസ ബിൽ പ്രകാരം പഞ്ചായത്തിൽ ആകെ 496 പൊതുടാപ്പുകളാണുള്ളത്.എല്ലാ മാസത്തെയും ബില്ലുകളിൽ 380270/- രൂപ കുടിശ്ശിക കാണിച്ചിരിക്കുന്നു.ടി കുടിശ്ശികയുള്ള ഫൈനും, തൻമാസ വെള്ളക്കരവും ചേർത്ത് വൻ തുകയുള്ള ഡിമാന്റ് നോട്ടീസാണ് KWA പഞ്ചായത്തിന് എല്ലാമാസവും നല്കുന്നത്.കുടിശ്ശിക അടയ്ക്കാതെ പ്രതിമാസ തുക 217000/- രൂപ മാത്രം ഒടുക്കി വരുന്നു.31/7/17 ന് സംയുക്ത പരിശോധന നടത്താൻ 11/7/17ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചുവെങ്കിലും ആയതു നാളിതു വരെ നടപ്പിലായില്ല.

സംയുക്ത പരിശോധന പൂർത്തിയാക്കി,കുടിശ്ശികയുടെ കാര്യത്തിൽ വ്യക്തത വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 കേരളോത്സവം-അനുവദനീയമായതിൽ കൂടുതൽതുക ചെലവഴിച്ചു

സ.ഉ നം.2160/2017/തസ്വഭവ 1 28-6-17 പ്രകാരം, കേരളോത്സവം നടത്തിപ്പിനായി (ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 55000/- രൂപയാണ്.എന്നാൽ 2017-18 ലെ കേരളോത്സവത്തിന് ആകെ 119164/- രൂപ ചെലവഴിച്ചു.(ചെക്ക് നം.11603/25-12-17,11652 /27-10-17,11651/27-10-17,11669/9-11-17,11696/28-7-17,9157/23-12-17)അധികമായി ചെലവഴിച്ച 64164/- രൂപ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 3-4 അസി.എഞ്ചിനീയറുടെ യോ സെക്രട്ടറിയുടെയോ റിപ്പോർട്ടില്ലാതെ പൊഴിമുറിക്കലിന് ആവർത്തന ചെലവ്.

അടിമലത്തുറ,അമ്പലത്തുമൂല വാർഡുകളിൽ നിരന്തരം പൊഴിമൂടുന്നതിനെ തുടർന്ന്,പൊഴിമുറിക്കലിന് വാർഡു മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ പണം ചെലവഴിച്ചു വരുന്നു. വാർഡ് മെമ്പർ പൊഴിമുറിക്കലിന് നടപടി ആവശ്യപ്പെട്ടു നല്കിയ ഒരു കത്തും, തുടർന്ന് സ്വന്തം മേൽനോട്ടത്തിൽ പൊഴിമുറിക്കൽ നടത്തിയതായി കാണിച്ച് JCB ബിൽ, വൗച്ചർ എന്നിവയോടൊപ്പം ഹാജരാക്കിയ മറ്റൊരു കത്തുമാണ് ഫയലിലുള്ളത്.രണ്ടു കത്തിലും തീയതി രേഖപ്പെടുത്താത്തതിനാൽ അവയ്ക്കിടയ്ക്ക് എത്ര ദിവസത്തെ ഇടവേളയുണ്ടെന്ന് മനസ്സിലാക്കാൻ കഴിയില്ല. അതിനാൽ തന്നെ, സെക്രട്ടറിയോ, അസിസ്റ്റന്റ് എഞ്ചിനീയറോ സ്ഥലം സന്ദർശിക്കാനുള്ള സമയം ലഭ്യമാക്കിയാണോ മെമ്പർ പ്രവൃത്തി ചെയ്തതെന്ന് അറിയാൻ കഴിയുന്നില്ല. പഞ്ചായത്തിന് മുഴുവൻ സമയ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികയും വാഹനസൗകര്യവും നിലവിലുള്ളപ്പോൾ, പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് വരുന്ന ആവർത്തന സ്വഭാവമുള്ള പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെയോ

സെക്രട്ടറിയുടെയോ റിപ്പോർട്ടില്ലാതെ നിർവ്വഹിച്ചത് ഉചിതമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | തുക | ചെക്ക് നം | തിയതി |
|---|---|---|---|---|
| 1 | അടിമലത്തുറ | 10000 | 16293 | 3/4/17 |
| 2 | അടിമലത്തുറ | 9900 | 11237 | 31/8/17 |
| 3 | അമ്പലത്തുമൂല | 9500 | 11238 | 31/8/17 |
| 4 | അമ്പലത്തുമൂല | 9800 | 9209 | 20/1/18 |
| 5 | അമ്പലത്തുമൂല | 7000 | 9686 | 5/3/18 |
| ആകെ | | 46200 | | |

DPC അംഗീകരിച്ച പ്രോജക്ട് ഇല്ലാതെ,ഇത്രയധികം തുക തനതു ഫണ്ടിൽ നിന്ന് സെക്രട്ടറിയുടെ വിയോജനം മറികടന്നു കൊണ്ടാണ് ഭരണസമിതി നല്കാൻ തീരുമാനിച്ചിട്ടുള്ളത്. ചെലവുകൾക്ക് പഞ്ചായത്തു ഡയറക്ടറുടെ അനുവാദം ലഭിച്ചിട്ടില്ല.ഭാവിയിൽ ഈ വകയിൽ ഉണ്ടാകുന്ന ചെലവുകൾ സർക്കാരിന്റെ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് മാറി നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും, നിർവഹിച്ച പ്രവൃത്തികളും തമ്മിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോ. നം. 320/18, നെട്ടതാന്നി പി.എച്ച്.സി. റോഡ് ഓടയും സൈഡ് വാൾ കോൺക്രീറ്റിംഗും (വാർഡ് 14) പദ്ധതി പ്രകാരം 121m നീളത്തിൽ ഓടയും, 121mനീളത്തിൽ റോഡിനിരുവശവും ബേം കോൺക്രീറ്റിംഗ് ചെയ്യുവാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ഭരണസമിതിയുടെ 18.09.2017 ലെ XI/36-ാം തീരുമാനം പ്രകാരം ഓട നിർമ്മിക്കുവാൻ സ്ഥലം കുറവു വന്നതിനാൽ ഓട നിർമ്മാണം നീളം കുറച്ച് ബാക്കിയാകുന്ന തുകയ്ക്ക് മെമ്പർ അപേക്ഷിച്ച പ്രകാരം സൈഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനായി പദ്ധതി ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 21m നീളത്തിൽ ഓടയും, 432.7m നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും നിർവഹിച്ചു.

2) പ്രോ. നം. 183/18, ബാലമ്മ മെമ്മോറിയൽ സാംസ്കാരിക നിലയം, പഞ്ചായത്ത് ലൈബ്രറി മെയിന്റനൻസ് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന ഷീറ്റ് റൂഫിംഗ് പൊളിച്ചുമാറ്റിയശേഷം കോൺക്രീറ്റിംഗ് ചെയ്യുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 06.01.2018 ലെ 30(2)-ാം നമ്പർ ഭരണസമിതി 'ചുമരുകൾക്കു ബലമില്ലാത്തതിനാൽ റൂഫ് ഷീറ്റ് ഇടുന്നതിന് വേണ്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ' തീരുമാനിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ഷീറ്റ് റൂഫ് നിർമ്മിക്കുകയും ചെയ്തു.

3) പ്രോ. നം. 204/18 അടിമലത്തുറ പൊതുകക്കൂസ് പുനരുദ്ധാരണം (വാർഡ് 10) പദ്ധതി പ്രകാരം നിലവിലുള്ള നിർമ്മാണത്തിന്റെ ചുമര് ഉയർത്തി മേൽക്കൂര വാർക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 20.02.2018 ലെ 7(2) -ാം നമ്പർ തീരുമാനത്തിലൂടെ ഭരണസമിതി ' ചുമരിനു

കനംകുറവായതിനാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ കഴിയില്ലാത്തതിനാൽ' ഷീറ്റ് ഇടുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കൽ തുകയിൽ എത്തിക്കുന്നതിനായി 8 അധിക ഇനങ്ങൾ (പെയിന്റിംഗ്, യാർഡ് ടൈലിംഗ് ഉൾപ്പെടെ) കൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തിയാക്കിയത്.

ആവശ്യമായ സ്ഥലപരിശോധന നടത്താതെ തയ്യാറാക്കുന്നതിനാലാണ് എസ്റ്റിമേറ്റുകൾ ഇപ്രകാരം റിവൈസ് ചെയ്യേണ്ടി വരുന്നതും, തുക വിനിയോഗിക്കുന്നതിലേക്കായി പുതിയ പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നതുംജി.ഒ(പി)നം.13/2012/PWD തീയതി,01.02.12 പൊതുമരാമത്ത് മാനുവൽ 1601.1.1 പ്രകാരം സ്ഥലപരിശോധന നടത്തി മാത്രമേ ഏതൊരു പ്രിലിമിനറി എസ്റ്റിമേറ്റും തയ്യാറാക്കാനാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാനും പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ടാർ വാങ്ങൽ - അധികമായി അനുവദിച്ച

വിവിധ മരാമത്ത് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിലേയ്ക്ക് ഗ്രാമപഞ്ചായത്ത് 24,33,346/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ആകെ 20,56,293/- രൂപയുടെ ടാർ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. വിശദവിവരം ചുവടെ.

ടാർ കമ്പനികൾക്ക് ഗ്രാമപഞ്ചായത്ത് കൈമാറിയ തുക സംബന്ധിച്ച വിവരങ്ങൾ.

| പെട്രോളിയം കമ്പനി | നൽകിയ തുക | ചെക്ക് നം. | തീയതി |
|---|---|---|---|
| BPCL | 1953824 | 2674529 | 21.03.2017 |
| HINCOL | 479522 | 2111965 | 23.05.2017 |
| ആകെ | 2433346 | | |

മരാമത്ത് പ്രവൃത്തികളുടെ ഉപയോഗത്തിലേക്കായി ഗ്രാമപഞ്ചായത്ത് വാങ്ങിയ ടാറിന്റെ വില സംബന്ധിച്ച വിവരങ്ങൾ.

| പെട്രോളിയം കമ്പനി | ഇൻവോയ്സ് നം. | തീയതി | വില |
|---|---|---|---|
| BPCL | 6300001308 | 05.04.2017 | 319379 |
| BPCL | 6300001697 | 06.04.2017 | 319379 |
| BPCL | 6300001304 | 05.04.2017 | 319379 |
| BPCL | 6300001905 | 07.04.2017 | 319379 |
| BPCL | 6300002059 | 07.04.2017 | 161017 |
| BPCL | 6300002061 | 07.04.2017 | 47907 |
| HINCOL | 115558 | 29.05.2017 | 479469 |
| BPCL | 6300022318 | 31.05.2017 | 77240 |

| | | | |
|---|---|---|---|
| BPCL | 6300022319 | 31.05.2017 | 13144 |
| ആകെ | | | 2056293 |

ടാർ വിലയിനത്തിൽ മേൽ പ്രകാരം 3,77,053/- (2433346 – 2056293) രൂപ അധികമായി കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച തുക കമ്പനികളിൽ നിന്നും ഇതുവരെയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/17.12.2018) BPCL ൽ നിന്നും തിരികെ ലഭിക്കുവാനുള്ള 3,77,687/- രൂപ ലഭ്യമാക്കുന്നതാണെന്ന് സ്ഥാപനം ഇമെയിൽ സന്ദേശം നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കി. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവ്വഹിച്ചതിൽ സർക്കുലർ നം.1/1559/2010/സി.ഇ/തസ്വഭവ തീയതി, 13.11.14 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതായി കാണുന്നു. ഗുണഭോക്തൃ സമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ ഗുണഭോക്തൃ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതിക്കുണ്ടായ ചെലവിലും അധികമായി തുക അനുവദിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്റ്റിന്റെ പേര് | കൺവീനർ | ചെലവുതുക (എം ബുക്ക് പ്രകാരം) | വൗച്ചർ പ്രകാരം തുക | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 278/18 | ചൊവ്വര കുടുംബക്ഷേമ ഉപകേന്ദ്രം പുനരുദ്ധാരണം - വാർഡ് 8 | ഷൂജ | 111265 | 0 | 111265 | വൗച്ചർ ലഭ്യമല്ല |
| 2 | 277/18 | പയറ്റുവിള മിഡ് വൈഫറി സെന്റർ റോഡ് റീടാറിംഗ് | അജിത് കുമാർ ജി.എസ്. | 146480 | 0 | 146480 | വൗച്ചർ ലഭ്യമല്ല |
| 3 | 266/18 | താന്നിമൂട് മാർത്താണ്ടം കുളം റോഡ് സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് വാർഡ് 2 | ബൈജു എം | 307508 | 255241 | 52267 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 261/18 | മണ്ണക്കല്ല് മണ്ണാംതോട്ടം സുബ്രഹ്മണ്യം റോഡ് സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് | വി.ചിത്രലേഖ | 479868 | 95000 | 384868 | |
| 5 | 267/18 | തേരിവിള ചാനൽക്കര റോഡ് പുനരുദ്ധാരണം | വി. ചിത്രലേഖ | 484159 | 90000 | 394159 | |
| 6 | 271/18 | മണ്ണക്കല്ല് മരുതൂർക്കോണം ക്ഷേത്രം റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | വിനോദ്എസ്. | 234915 | 0 | 234915 | വൗച്ചർ ലഭ്യമല്ല |
| 7 | 259/18 | മഞ്ചാംകുഴി ഗാന്ധിപുരം റോഡ് പുനരുദ്ധാരണം | വിഷ്ണു ജി | 482464 | 0 | 482464 | വൗച്ചർ ലഭ്യമല്ല |
| 8 | 298/18 | ചരുവിള റോഡ് സൈഡ് കോൺക്രീറ്റ് | ഷിബു | 194924 | 181840 | 13,084 | |
| ആകെ | | | | | | 1819502 | |

ലഭ്യമാക്കിയ ചെലവു വൗച്ചറുകളിലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/15.12.2018) വൗച്ചറുകൾ ഉൾപ്പെടുത്താനുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും, വൗച്ചറുകൾ ലഭ്യമാക്കിയില്ല. വരവ് ചെലവുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചതിനുള്ള രേഖകൾ ലഭ്യമായില്ല.

ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പരാജയപ്പെട്ടതായി വിലയിരുത്തുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ലഭ്യമാക്കിയ ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ജൈവസമൃദ്ധി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു - 27700 രൂപ അധിക ചെലവുണ്ടാക്കി

പ്രോജക്റ്റ് നം. - So247/18 ജൈവസമൃദ്ധി

അടങ്കൽ – 324300 (വികസനഫണ്ട്)

ചെലവ് – 151340

ബിൽ നം. – 15/24.03.2018 132300

– 16/28.03.2018 19040

കൃഷി ഓഫീസർ നടപ്പിലാക്കിയ ജൈവസമൃദ്ധി പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിരുന്ന നിരക്കിലും അധികമായി സബ്സിഡി അനുവദിച്ചത് വഴി 27687/- രൂപയുടെ അധിക ചെലവുണ്ടായി.

ജൈവസമൃദ്ധി പദ്ധതിയിൽ കൃഷി ചെയ്യുന്നതിനായി കൃഷി സാധനങ്ങൾ (വിത്ത് -250രൂപ, തൈ-500 രൂപ, ജൈവവളം- 3600/- രൂപ , ജൈവ കീടനാശിനി - 375 രൂപ) കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതായിരുന്നു പദ്ധതി. അത് പ്രകാരം 28 യൂണിറ്റുകൾ വിതരണം ചെയ്തു. സബ്സിഡി മാർഗരേഖ പ്രകാരം ജൈവകീടനാശിനി, ജൈവവളം എന്നിവയ്ക്ക് 75% നിരക്കിലാണ് സബ്സിഡി അനുവദിക്കേണ്ടത് എന്നാലിവിടെ 100 ശതമാനം സബ്സിഡി അനുവദിച്ചു.

വിതരണം ചെയ്യേണ്ടിയിരുന്നത്

ജൈവ വളം : 28x3600x75/100= 75600

ജൈവകീടനാശിനി : 28x358x75 =7518

ആകെ = 83113

വിതരണം ചെയ്തത്

ജൈവവളം : 28x3600=100800

ജൈവകീടനാശിനി : 28x358=10000 (ലിമിറ്റഡ്)

ആകെ =110800

ഇപ്രകാരം 25% അധികം 27687/- രൂപയുടെ അധികചെലവുണ്ടായി. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/13.12.2018) കീടനാശിനി തയ്യാറാക്കാനുള്ള പരിശീലനം നൽകുകയും ഗുണഭോക്തൃവിഹിതം വാങ്ങിയില്ല എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല.സബ്സിഡി നൽകുമ്പോൾ സബ്സിഡി മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-9** ബയോഗ്യാസ് പ്ലാൻറ് - മാർഗനിർദേശത്തിലും അധികമായി സബ്സിഡി അനുവദിച്ചു - **2500/-** രൂപ അധിക ചെലവ്

പ്രോജക്ട് നം. - So116/18 ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

അടങ്കൽ – 472500 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് – 52500 (ധനകാര്യകമ്മീഷൻ അവാർഡ്)

52500 - ഗുണഭോക്തൃ വിഹിതം

നിർവ്വഹണഉദ്യോഗസ്ഥൻ – വി.ഇ.ഒ

ബിൽ നം. – 13/29.03.2018 52500

ഗാർഹിക ബയോഗ്യാസ് നിർമ്മിച്ചതിന് സബ്സിഡി നൽകിയപ്പോൾ സർക്കാർ നിർദേശിച്ചതിലും അധികമായി സബ്സിഡി അനുവദിച്ചു.

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി വാങ്ങുകയും ചെയ്തു അപ്രകാരം 10 അപേക്ഷകർക്ക് ബയോഗ്യാസ് പ്ലാന്റ് നിർമിച്ചു നൽകുകയും അവർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തു. സബ്സിഡി മാർഗനിർദ്ദേശ ഖണ്ഡിക 8.8 പ്രകാരം ബയോഗ്യാസ് പ്ലാന്റിന് നൽകാവുന്ന പരമാവധി സബ്സിഡി 5000 രൂപയാണ്. എന്നാൽ 5250/-രൂപ ഓരോ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനും സബ്സിഡിയായി നൽകി

നൽകേണ്ടിയിരുന്ന സബ്സിഡി 10x5000= 50,000

നൽകിയ സബ്സിഡി = 10x 5250=52,500

ഇപ്രകാരം 2500/- രൂപ അധികമായി സബ്സിഡിയിനത്തിൽ നൽകി

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/15.12.18) സബ്സിഡി മാർഗ്ഗരേഖ പാലിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. സബ്സിഡി അനുവദിക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വാട്ടർടാങ്ക് വാങ്ങിനൽകി കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ചു 67331/- രൂപ നഷ്ടം

പി.വി.സി വാട്ടർടാങ്ക് വാങ്ങി നൽകൽ എന്നത് ഗുണഭോക്താക്കൾക്ക് 75% സബ്സിഡിയോടുകൂടി വാട്ടർടാങ്ക് വാങ്ങി നൽകുന്നതായിരുന്നു. വാട്ടർടാങ്കിനായി ടെണ്ടർ ക്ഷണിക്കുകയും 3 സ്ഥാപനങ്ങളിൽനിന്ന് താഴെ പറയുംപ്രകാരം 4 നിരക്കിൽ ടെണ്ടർ ലഭിക്കുകയുംചെയ്തു

പൊന്നാരത്ത് ഏജൻസിസ് - 2325/-

പൊന്നാര ത്ത് ഏജൻസിസ് - 3000/-

Raidco - 3180/-

A1ഏജൻസിസ് - 3250/-

1.11.2017 ലെ സ്റ്റിയറിംഗ് കമ്മിറ്റി 7.11.2017 ൽ സാമ്പിൾ ടെസ്റ്റ് നടത്താൻ തീരുമാനിച്ചു പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 3000/- രൂപയുടെ കൊട്ടേഷൻ അംഗീകരിക്കുന്നതായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം നമ്പർ 1 25 11 2017 ) അപ്രകാരം 133 വാട്ടർ ടാങ്കുകൾ വാങ്ങുകയും ചെയ്തു.

എന്നാൽ 7.11.2017 സാമ്പിൾ ടെസ്റ്റ് നടന്നതായി ഒരു രേഖയും ലഭ്യമല്ല . കൂടാതെ procurement കമ്മിറ്റി ഇത്തരമൊരു ശുപാർശ നടത്തിയതായി മിനിട്സിൽ വിവരം ലഭ്യമല്ല. കൂടാതെ procurement കമ്മിറ്റി ഈ തീയതിയിൽ യോഗം ചേർന്നിട്ടില്ല.

ആയതിനാൽ 2325/- രൂപയുടെ കൊട്ടേഷൻ ഒഴിവാക്കിയ നടപടി അംഗീകരിക്കാൻ കഴിയില്ല ഇങ്ങനെ ഒഴിവാക്കിയതിനാൽ 67331/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

2325/- രൂപയുടെ കൊട്ടേഷൻ പ്രകാരമുള്ള വില : 133x1743.45= 231919

3000 രൂപയുടെ ക്വട്ടേഷൻ പ്രകാരമുള്ള വില : 133x2250= 299 250

വ്യത്യാസം = 67331

## 3-11 ബാലസഭ കുട്ടികൾക്ക് സംഗീത പരിശീലനവും ഉപകരണങ്ങൾ വാങ്ങലും-SCP ഫണ്ട് വക മാറ്റി ചെലവഴിച്ചു.

പ്രോജക്റ്റ് നം. - 11/2017-18

നിർവ്വഹണം - അസി.സെക്ര്ട്ടറി

അടങ്കൽ തുക - 452000

ചെലവഴിച്ച തുക - 430040

ബിൽ നം. - 2/17-18

ബാലസഭ കുട്ടികൾക്ക് സംഗീത പരിശിലനവും ഉപകരണങ്ങൾ വാങ്ങലും പ്രോജക്ടിൽ സംഗീത ഉപകരണങ്ങൾ വാങ്ങാൻ 430040/- രൂപ ചെലവഴിച്ചു .ടി പ്രോജക്ടിന് തുക വിനിയോഗിച്ചത് SCP ഫണ്ടിൽ നിന്നാണ്. ഇതുകൂടാതെ, ICDS സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നം.-37/2017-18,ബാലസൗഹൃദ പഞ്ചായത്താക്കിമാറ്റൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി, പൊതുവിഭാഗം ഫണ്ടിൽ നിന്ന് 256770/- രൂപ ചെലവഴിച്ച് വിവിധ സംഗീത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. രണ്ട് പ്രോജക്ടിലുമായി വാങ്ങിയ ഉപകരണങ്ങൾ ICDS സൂപ്പർ വൈസറുടെ നിയന്ത്രണത്തിൽ സൂക്ഷിച്ച് കുട്ടികൾക്ക് പരിശിലനവും നൽകി വരുന്നു. ബാലസൗഹൃദ പഞ്ചായത്താക്കിമാറ്റൽ പ്രോജക്ടിന്റെ തുടർ നടപടികൾക്ക് പണം ചെലവഴിക്കാവുന്നതാണ് എന്ന് സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശമുണ്ട്. എന്നാൽപട്ടിക ജാതിക്കാർക്കായി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ഫണ്ട് അപര്യാപ്തത ഉള്ളപ്പോൾ എല്ലാ വിഭാഗം കുട്ടികളും ഗുണഭോക്താക്കളായ പദ്ധതിക്ക് SCP ഫണ്ട് വിനിയോഗിച്ചത് ഉചിതമായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-12 ക്വാട്ട് ചെയ്തതിൽ നിന്നും അധികമായി തുക നൽകി.

പ്രോജക്ട് നം./പേര് - 243/18 , വൃദ്ധർക്ക് കട്ടിൽ (SC)

അടങ്കൽ - 430500 (SCP)

ചെലവ് - 399784

ബിൽ നം. – 15/26.03.18

നിർവ്വഹണ ഉദ്യോഗസ്ഥർ – ICDS സൂപ്പർവൈസർ

1. വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയിൽ ക്വട്ടേഷനിൽ സൂചിപ്പിച്ചിരിക്കുന്നതിൽ നിന്നും അധികമായി തുക നൽകിയത് വഴി 60984/-രൂപ നഷ്ടമായി

പ്രോജക്ടിന്റെ ഭാഗമായി ടെൻഡർ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുകയായ 3080/-രൂപ ക്വാട്ട് ചെയ്ത ഗ്രേസ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. രേഖകൾ പ്രകാരം ക്വാട്ട് ചെയ്ത നിരക്ക് 3080/- രൂപ എല്ലാ നികുതിയും ഉൾപ്പെടെയായിരുന്നു അപ്രകാരം 110 കട്ടിലുകൾ വിതരണം ചെയ്യുകയും ചെയ്തു. വില നൽകിയപ്പോൾ ഓരോ കട്ടിലിനും 3080/- രൂപയും ആ തുകയുള്ള 18% ജി.എസ്.ടി യും ഉൾപ്പെടെ നൽകി.

ആകെ നൽകിയ തുക : 110x (3050+ 18% ജിഎസ്ടി ) = 399740 (ബിൽ പ്രകാരം 399784/- രൂപയാണ് നൽകിയത്)

അനുവദിക്കേണ്ടിയിരുന്ന തുക : 110x 3080= 338800

അധികമായി നൽകിയത് = 60984

ആയതിനാൽ 60984/- രൂപ മേൽപ്പറഞ്ഞ സ്ഥാപനത്തിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

(B) വൃദ്ധർക്ക് കട്ടിൽ (ജനറൽ) പദ്ധതിയിൽ കട്ടിൽ നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3136/- രൂപ ക്വാട്ട് ചെയ്ത വിഷ്ണു ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ തെരഞ്ഞെടുക്കുകയും ചെയ്തു. നികുതി ഉൾപ്പെടെയുള്ള തുകയായിരുന്നു സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ സ്ഥാപനവും പഞ്ചായത്തും തമ്മിൽ ഉണ്ടാക്കിയ കരാറിൽ 3136/- രൂപയും 18% ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്ക് എന്ന് എഴുതിച്ചേർത്തു ഇതനുസരിച്ച് സ്ഥാപനം 190 കട്ടിൽ വിതരണം ചെയ്യുകയും ജിഎസ്ടി ഉൾപ്പെടെ 703091/- രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തു പഞ്ചായത്ത് അടങ്കലിൽ കവിയാത്ത രീതിയിൽ 3500/- രൂപ നിരക്കിൽ 665000/- പ്രതിഫലമായി നൽകി

ക്വട്ടേഷൻ പ്രകാരം നൽകേണ്ടിയിരുന്ന തുക : 190x3136= 595840

നൽകിയത്: 190x3500= 66500

അധികമായി നൽകിയ തുക= 69160

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്

(c) ഒരേതരത്തിലുള്ള ആവശ്യത്തിന് 2 ടെൻഡർ വിളിച്ചത് സർക്കാരിന്റെ 259/10 ഉത്തരവിന് വിരുദ്ധമാണ്. procurement കമ്മിറ്റിയുടെ ആസൂത്രണത്തിന്റെ വീഴ്ചയാണ് ഇതിന് കാരണം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-13 അനധികൃതമായി ജിഎസ്.ടി ഈടാക്കി.

പ്രോജക്ട് നം. - 78/2017-18, അംഗൻവാടി പോഷഹാകാരം

അടങ്കൽ തുക - 27 ലക്ഷം

ചെലവ് - 27 ലക്ഷം

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് ഉദ്യോഗസ്ഥൻ

അംഗനവാടി പോഷകാഹാരം പദ്ധതിയിൽ സർക്കാർ ഉത്തരവ് പരിഗണിക്കാതെ ജിഎസ്ടി അടവാക്കിയതിനാൽ 17051/- രൂപ അധികച്ചെലവായി

അംഗനവാടി പോഷകാഹാരം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി അമൃതം ന്യൂട്രിമിക്സ് പൗഡർ, തനിമ ആൻഡ് വിന്നർ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് വാങ്ങിയത് ഓരോ ഇൻവോയ്സിലും പൗഡറിന്റെ വിലയോടൊപ്പം 5% ജി എസ് ടിയും സ്ഥാപനം ഈടാക്കിയിട്ടുണ്ട് ഇപ്രകാരം 17051 രൂപ ജിഎസ്.ടി ഇനത്തിൽ ഈടാക്കി. കേരള ജിഎസ്.ടി നിയമപ്രകാരം ജിഎസ്.ടി പഞ്ചായത്തിൽ നിന്നും ഈടാക്കാൻഈടാക്കുന്ന ഇൻവോയ്സിൽ ജിഎസ്.ടി identification നമ്പർ, എച്ച്എസ്എൻ കോഡ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ് അല്ലാത്തപക്ഷം ജിഎസ്.ടി ഈടാക്കാൻ കഴിയില്ല. തനിമ ആൻഡ് വിന്നർ എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സിൽ എച്ച് എസ് എൻ കോഡ്, ജിഎസ്.ടി ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവയില്ല. ആയതിനാൽ മേൽപ്പറഞ്ഞ നിയമപ്രകാരം ജിഎസ്.ടി പഞ്ചായത്തിൽ നിന്നും ഈടാക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് ICDS സൂപ്പർവൈസറുടെ (7/13.12.18) വ്യക്തമായ മറുപടി ലഭിച്ചില്ല. തനിമ ആൻഡ് വിന്നേഴ്സ് എന്ന സ്ഥാപനം ജി.എസ്.ടി അടവാക്കിയതായി രേഖകൾ ഹാജരാക്കിയതുമില്ല. ഈ സാഹചര്യത്തിൽ ജിഎസ്.ടി ആയി 17051/-രൂപ ഈടാക്കിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ജി.എസ്.ടി അടവാക്കിയതിന്റെ

രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതാണ്.

## 3-14 സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ടിൽ ഉൾപ്പെടുത്തി ശമ്പളം നൽകി.

സബ്സിഡി മാർഗരേഖ (സ.ഉ80/2017/ ത.സ്വ.ഭ.വ തീയതി, 03.04.2017) സെക്ഷൻ 12.2 പ്രകാരം പ്രോജക്ടിൽ ഉൾപ്പെടുത്തി ശമ്പളം നൽകാൻ പാടില്ല എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ രൂപീകരിച്ച് ശമ്പളം നൽകി

104/18 - എൽ.പി.എസിലെ ബസ് ഡ്രൈവർക്ക് ശമ്പളം - 72,000/- രൂപ

108/18 - പ്രീ പ്രൈമറി ടീച്ചറുടെ ശമ്പളം - 10000/-രൂപ

105/18 - കമ്പ്യൂട്ടർ ടീച്ചർ - 50,000/- രൂപ

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (21/17.12.18)ക്ക് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് പദ്ധതി തയ്യാറാക്കിയത് എന്ന മറുപടിയാണ് ലഭിച്ചത്. മേൽപറഞ്ഞ മറുപടി തൃപ്തികരമല്ല. എന്നാൽ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1389025 | 1289375 | 99650 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 639025 | 618625 | 20400 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 1242469 | - | 1242469 |
| 2 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 1535860 | - | 1535860 |

വാർഷിക ധനകാര്യപത്രിക പ്രകാരം KWA, KSEB, PWD എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 6359980, 6734816, 594750 രൂപ നാളിതുവരെയായി മുൻകൂർ നൽകിയിട്ടുള്ളതായി കാണുന്നു. ഇതിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് എ.എഫ്എസിൽ ഉൾപ്പെടുത്തി അഡ്വാൻസ് തുകയുടെ വിവരം പുതുക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.10.2010 | 16909500 | 4678435 | 2760980 | - | 1917455 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 110841332.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 113463805.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 64164 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 64164 | ഹരിൻ ബോസ്, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1400/2018 തീയതി.16.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3 /1400/2018 തീയതി.16.06.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11 തീയതി.23.11.2011 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11 തീയതി.11.12.2012 | 4 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3/ തീയതി.21.04.2013 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14 തീയതി.26.04.2014 | 11 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1488/14 തീയതി.27.10.2014 | 9 | |

| | | | |
|---|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/15 തീയതി.19.12.2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1087/16 തീയതി.30.07.2016 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2061/16 തീയതി.01.12.2016 | 22 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1836/2017 തീയതി.08.09.2017 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.